A

GI 302

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

സ്റ്റാൻഡേർഡ് – 3 | സമയം: 2 മണിക്കൂർ

BIO-VISION VIDEO BLOG

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. അഞ്ച് പ്രവർത്തനങ്ങളാണ് മൂല്യനിർണ്ണയത്തിനായി നൽകിയിട്ടുള്ളത്.
2. ഓരോ പ്രവർത്തനവും അഞ്ചു സൂചകങ്ങൾ ഉപയോഗിച്ചാണ് വിലയിരുത്തുന്നത്.
3. ഓരോ സൂചകത്തിനും ഓരോ പോയിന്റ് വീതമാണ്. ഒരു പ്രവർത്തനത്തിന് ആകെ അഞ്ച് പോയിന്റ്. ആകെ 25 പോയിന്റ്
4. ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5, 4, 3, 2, 1 പോയിന്റ് പരിഗണിച്ച് യഥാക്രമം a, b, c, d, e ഗ്രേഡുകൾ നൽകേണ്ടതാണ്.
5. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
6. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.
7. ഉത്തരം എഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് അധിക കടലാസ് നൽകണം.

---

1. സംഭാഷണം — 5

   1. സന്ദർഭം, കഥാപാത്രങ്ങളുടെ പദവി എന്നിവ ഉള്ളടക്കത്തിലും ഭാഷയിലും പരിഗണിച്ചിട്ടുണ്ട്.
   2. നിശ്ചിത സന്ദർഭവുമായി ബന്ധപ്പെട്ട് വിനിമയം ചെയ്യേണ്ട ആശയങ്ങൾ പൂർണതയോടെ ആവിഷ്കരിച്ചിട്ടുണ്ട്.
   3. ആശയങ്ങൾക്ക് പരസ്പര ബന്ധവും തുടർച്ചയുമുണ്ട്.
   4. സംഭാഷണത്തിന്റേതായ ഭാഷാരീതി (സ്വാഭാവികമായ ഭാഷ, ചെറിയ വാക്യങ്ങൾ) ഉണ്ട്.
   5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്.

2. ജീവചരിത്രക്കുറിപ്പ് — 5

   1. പ്രധാന വ്യക്തിയോടുള്ള ആദരവ്, അദ്ദേഹം രചയിതാവിൽ ചെലുത്തിയ സ്വാധീനം എന്നിവ ഉൾപ്പെടുത്തി ഉചിതമായ ഭാഷയിൽ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്.
   2. ജീവചരിത്രത്തിൽ പ്രസക്തമായ ആശയങ്ങൾ സ്വാംശീകരിച്ച് രചന നിർവഹിച്ചിട്ടുണ്ട്. (വായനയിലൂടെ ലഭിച്ചതും മറ്റു രീതിയിൽ ശേഖരിച്ചതും)
   3. ആശയക്രമീകരണം ഉചിതമാണ്.
   4. ഖണ്ഡിക തിരിച്ച് എഴുതിയിട്ടുണ്ട്.
   5. വാക്യഭംഗിയോടെ വാക്യഘടന,ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്.

BIO-VISION VIDEO BLOG

3. കവിതാപൂരണം 5

1. സന്ദർഭത്തിന്റെ ആശയപരമായ തുടർച്ച പാലിച്ച് രചന നടത്തിയിട്ടുണ്ട്.
2. താളബോധത്തോടെ വരികൾ കൂട്ടിച്ചേർത്തിട്ടുണ്ട്.
3. ഭാവന ഉൾക്കൊണ്ട് വരികൾ പൂർത്തിയാക്കിയിട്ടുണ്ട്.
4. അനുയോജ്യമായ പദങ്ങൾ, പ്രയോഗങ്ങൾ, എന്നിവ രചനയിൽ ഉണ്ട്.
5. ശരിയായ രീതിയിലുള്ള പദച്ചേരുവയോടെ രചന നിർവഹിച്ചിട്ടുണ്ട്.

4. വിവരണം 5

1. വിഷയത്തെ സംബന്ധിച്ച് യഥാർത്ഥ വസ്തുതകൾ കൃത്യതയോടെ എഴുതിയിട്ടുണ്ട്. (വസ്തുനിഷ്ഠത)
2. വിഷയത്തിന്റെ പ്രധാന ആശയങ്ങളും ഉപാശയങ്ങളും കണ്ടെത്തിയിട്ടുണ്ട്.
3. കണ്ടെത്തിയ ആശയങ്ങളുടെയും ഉപാശയങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
4. സമാനമായ ആശയങ്ങൾ ഖണ്ഡിക തിരിച്ച് അനുയോജ്യമായ രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.
5. വാക്യവൈവിധ്യം, വാക്യഘടന എന്നിവ പാലിച്ച് ചിഹ്നനത്തോടെ അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്.

5. കഥാപൂരണം 5

1. കഥാപാത്രങ്ങളുടെ കഥയിലെ സ്ഥാനവും കഥാപാത്രങ്ങളെ നിശ്ചയിച്ചതിലുള്ള ശ്രദ്ധയും ഭാവനാത്മകതയും പ്രതിഫലിക്കുന്ന രചന
2. കഥയിൽ ആകാംക്ഷ നിലനിർത്തുന്ന സംഭവങ്ങളും മുഹൂർത്തങ്ങളുമുണ്ട്.
3. സന്ദർഭം/സൂചനയെ അടിസ്ഥാനമാക്കിയുള്ള വളർച്ചയും പൂർണതയും ഉണ്ട്.
4. ഉള്ളടക്കവുമായി പൊരുത്തപ്പെടുന്ന ഭാവനാത്മകമായ തലക്കെട്ട്.
5. പ്രയോഗവിശേഷങ്ങളും വിശേഷണപദങ്ങളും ചേർത്ത് അക്ഷരത്തെറ്റില്ലാതെ ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട്.